# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1 03.02.2020-ൽ മറുപടിയ്ക്ക്

### ലോക കേരള സഭ

| ചോദ്യം<br>ശ്രീ. വി. കെ. സി. മമ്മത് കോയ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ലോക കേരള സഭയുടെ ഘടന എപ്രകാരമാണ്; | എ) | ലോക കേരള സഭയുടെ അംഗബലം 351 ആണ്. കേരള നിയമസഭയിലെ മുഴുവൻ അംഗങ്ങളും കേരളത്തെ പ്രതിനിധീകരിക്കുന്ന പാർലമെന്റ് അംഗങ്ങളും ലോക കേരള സഭയിലെ അംഗങ്ങളായിരിക്കും. ഇൻഡ്യൻ പൗരൻമാരായ കേരളീയ പ്രവാസികളെ പ്രതിനിധീകരിച്ച് 177 അംഗങ്ങളെ കേരള സർക്കാർ നാമനിർദ്ദേശം ചെയ്യുന്നു. ലോക കേരള സഭ കാലാവധിയില്ലാത്ത തുടർച്ചയുള്ള സഭയായിരിക്കും. എന്നാൽ രണ്ട് വർഷം കൂടുമ്പോൾ നാമനിർദ്ദേശം ചെയ്യപ്പെട്ട 1/3 പേർ വിരമിക്കുന്നതും അത്രത്തോളം അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതുമാണ്. ലോക കേരള സഭയുടെ സഭാ നേതാവ് മുഖ്യമന്ത്രിയും ഉപനേതാവ് കേരള നിയമസഭയിലെ പ്രതിപക്ഷ നേതാവുമായിരിക്കും. സംസ്ഥാന ചീഫ് സെക്രട്ടറി ആയിരിക്കും ലോക കേരള സഭയുടെ സെക്രട്ടറി ജനറൽ. |
| ബി) | പ്രവാസികളായ മലയാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ പ്രവർത്തനങ്ങൾ ലോക കേരള സഭയിലൂടെ നടപ്പിൽ വരുത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; | ബി), സി) & ഡി) | കേരളത്തിന്റെ വികസനത്തിനും പ്രവാസികളായ മലയാളികളുടെ ക്ഷേമത്തിനും വേണ്ടി, ഒന്നാം ലോക കേരള സഭയിൽ ഉയർന്ന നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് രൂപീകരിച്ച വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശിപാർശകളിൻമേൽ തെരഞ്ഞെടുക്കപ്പെട്ട 10 എണ്ണത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു.<br><br>1. <u>എൻ.ആർ.ഐ ഇൻവെസ്റ്റ്മെന്റ് കമ്പനി</u><br>പ്രവാസി മലയാളികളിൽ നിന്നും 74% ഓഹരി മൂലധന നിക്ഷേപം സമാഹരിച്ചുകൊണ്ടും |
| സി) | ലോകത്തിലെ എല്ലാ രാജ്യങ്ങളിൽ നിന്നുമുള്ള പ്രവാസികളായ മലയാളികളുടെ പ്രതിനിധികൾ ലോക കേരള സഭയിൽ ഉൾപ്പെട്ടിട്ടുണ്ടോ; | | |
| ഡി) | ലോക കേരള സഭയ്ക്ക് കേരളത്തിന്റെ വികസനത്തിൽ സഹായകരമായി | | |

| | | | |
|---|---|---|---|
| | പ്രവർത്തിക്കാൻ സാധ്യമാകുമോ; വിശദമാക്കാമോ? | | 26% ഓഹരി മൂലധനം സർക്കാർ നിക്ഷേപിച്ചുകൊണ്ടും ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപവത്ക്കരിച്ചു.<br><br>2. <u>എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി</u><br><br>അപ്പാർട്ടുമെന്റുകൾ, ടൗൺഷിപ്പ് പ്രോജക്ടുകൾ, കോംപ്ലക്സുകൾ, വൃദ്ധസദനങ്ങൾ, റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി എൻ.ആർ.ഐ ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ അനുബന്ധകമ്പനിയായി എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി തുടങ്ങാൻ തീരുമാനിച്ചു.<br><br>3. <u>പ്രവാസി സഹകരണ സംഘം</u><br><br>തിരുവനന്തപുരം കേന്ദ്രമാക്കി സംസ്ഥാനമാകെ പ്രവർത്തന പരിധിയുള്ള ഒരു സഹകരണസംഘം കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.<br><br>4. <u>വനിത എൻ.ആർ.കെ സെൽ</u><br><br>വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിതാ കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ.ആർ.കെ. വനിതാ സെൽ രൂപീകരിച്ചു.<br><br>5. <u>എയർപ്പോർട്ടുകളിൽ migration facilitation centre പാസ്പ്പോർട്ട് ഓഫീസുകളിൽ Pre-embarkment Orientation centres</u><br><br>മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും, സാംസ്കാരിക സാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും, കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവൽക്കരണം നടത്താനും പാസ്പ്പോർട്ട് ഓഫീസ്, |

| | | | |
|---|---|---|---|
| | | | എയർപോർട്ട് എന്നിവിടങ്ങളിൽ വിദേശ കാര്യ മന്ത്രാലയവും, സിവിൽ ഏവിയേഷൻ മന്ത്രാലയവുമായി സഹകരിച്ച് ഒരു അഡ്വൈസറി സെൽ രൂപീകരിക്കാനുള്ള ശിപാർശകൾ കേന്ദ്ര സർക്കാരിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>6. <u>നൈപുണ്യ വികസനത്തിനായുള്ള ഹൈ പവർ കമ്മിറ്റിയുടെ രൂപീകരണം</u><br>7. <u>അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം</u><br>കുടിയേറ്റ കേന്ദ്രത്തിന് രൂപം കൊടുക്കുകയും Centre for Development Studies-ൽ അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.<br>8. <u>പ്രവാസി ആനുകാലിക പ്രസിദ്ധീകരണം</u><br>പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം 'ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു.<br>രണ്ടാം ലോക കേരള സഭയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ചു വരുന്നു.<br>രണ്ടാം ലോക കേരള സഭയിൽ ജി.സി.സി. രാജ്യങ്ങൾ (ഗൾഫ്), സാർക്ക് രാജ്യങ്ങൾ, ആഫ്രിക്ക, യൂറോപ്പ്, സൗത്ത് ഈസ്റ്റ് ഏഷ്യ ഏഷ്യ, അമേരിക്ക, കാനഡ, മറ്റ് രാജ്യങ്ങൾ അടക്കം എല്ലാ ഭൂഖണ്ഡങ്ങളിൽ നിന്നുള്ള 47 രാജ്യങ്ങളിലെ പ്രവാസി മലയാളികളുടെ പ്രതിനിധികളാണുള്ളത്. |

**സെക്ഷൻ ഓഫീസർ**